പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1565

12-06-2019-ൽ മറുപടിക്ക്

## കാർഷികകടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. എ.പി. അനിൽകുമാർ
ശ്രീ.കെ.സി. ജോസഫ്
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ. വി.ടി. ബൽറാം

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക കാർഷികേതര വായ്പകൾക്ക് സർക്കാർ മോറട്ടോറിയം ഏർപ്പെടുത്തിയിട്ടും ജപ്തി നടപടികളുമായി ബാങ്കുകൾ മുന്നോട്ട് പോകുന്നത് പാവപ്പെട്ട കർഷകരെ ദുരിതത്തിലാക്കിയെന്നത് വസ്തുതയല്ലേ;<br><br>(ബി) മോറട്ടോറിയം നിലനിൽക്കുന്ന കാലയളവിൽ ജപ്തി നടപടികൾ പാടില്ല എന്ന വ്യവസ്ഥ ലംഘിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ ബാങ്കേഴ്സ് യൂണിയൻ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും. | 2018 ഓഗസ്റ്റ് 20 ന കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്യു അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbc.kerala.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഇതിൻപ്രകാരം അർഹമായ വായ്പകൾക്ക് മോറട്ടോറിയം നിലവിൽ ഉണ്ട്. മോറട്ടോറിയം കാലയളവിൽ ജപ്തി നടപടികൾ സ്വീകരിക്കരുതെന്ന് സഹകരണ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>മോറട്ടോറിയം നിലനില്ക്കുന്ന കാലയളവിൽ ജപ്തി നടപടികൾ പാടില്ല എന്ന നിർദ്ദേശം ബാങ്കുകൾക്ക് നൽകണമെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി അജണ്ടയായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇപ്രകാരം ജപ്തി നോട്ടീസ് ലഭിച്ച എത്ര കർഷകർ കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ ആത്മഹത്യ ചെയ്തുവെന്ന് വ്യക്തമാക്കുമോ; | (സി) | കർഷകർ വായ്പ എടുക്കുന്നത് കേവലം കാർഷിക ആവശ്യങ്ങൾക്ക് മാത്രമല്ല, വീട് വയ്ക്കുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ-വിവാഹ ആവശ്യങ്ങൾക്കും ഗുരുതരമായ രോഗങ്ങളുടെ ചികിത്സയ്ക്കും വായ്പ എടുക്കുന്നുണ്ട്. കൃഷിയിൽ നിന്നുള്ള വരുമാനം കൊണ്ടാണ് ഇത്തരം വായ്പകൾ തിരിച്ചടക്കേണ്ടത്. അതുകൊണ്ടുതന്നെ കാർഷിക വായ്പകൾ മാത്രമല്ല കർഷകർ എടുക്കുന്ന എല്ലാ വായ്പകളിന്മേലും അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണം എന്നാണ് സർക്കാർ നയം. |

| | | | |
|---|---|---|---|
| | | | അതുകൊണ്ടാണ് കർഷകരുടെ എല്ലാത്തരം വായ്പകൾക്കും മോറൊട്ടോറിയം ബാധകമാക്കിയത്.<br>വിവിധ ആവശ്യങ്ങൾക്കായി വായ്പയെടുക്കുകയും തിരിച്ചടവ് മുടങ്ങി ജപ്തി നോട്ടീസ് ലഭിക്കുകയും ചെയ്ത വയനാട്, ഇടുക്കി ജില്ലകളിൽ ഉൾപ്പെട്ട 15 കർഷകരാണ് കഴിഞ്ഞ 6 മാസത്തിനുള്ളിൽ ആത്മഹത്യ ചെയ്തിട്ടുള്ളത് |
| (ഡി) | വായ്പാകുടിശ്ശിക വരുത്തുന്നവർക്കെതിരെ സർഫാസി നിയമപ്രകാരം നടപടി സ്വീകരിക്കുവാൻ ബാങ്കുകൾ തുടങ്ങിയതോടെ കർഷക ആത്മഹത്യകൾ വർദ്ധിക്കുകയും അവർ ദുരിതത്തിലാകുകയും ചെയ്ത സാഹചര്യത്തിൽ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | (ഡി) | സർഫാസി നിയമം നടപ്പാക്കി വരുന്നതിലുള്ള പ്രയാസകരമായ സവിശേഷ സാഹചര്യം സംസ്ഥാന സർക്കാർ മനസിലാക്കിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ സർഫാസി നിയമത്തിന്റെ പരിധിയിൽ നിന്നും 5 സെന്റിൽ കവിയാതെ ഭൂമിയും വീടും ഉള്ളവരെ ഒഴിവാക്കണമെന്ന് കേരള നിയമസഭ 2017 ആഗസ്റ്റ് 21 ലെ പ്രമേയം മുഖേന ഏകകണ്ഠമായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രമേയം 20-11-2017 ന് ധനമന്ത്രാലയത്തിന് അയച്ചുകൊടുക്കുകയും കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവപൂർവ്വമായ സമീപനം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. സർക്കാരിന്റെ റസിഡന്റ് കമ്മീഷണർ മുഖേന കേന്ദ്ര മന്ത്രാലയവുമായി ബന്ധപ്പെട്ട് ഇതിന്മേൽ തുടർനടപടികൾ കൈക്കൊള്ളാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും മറുപടിയൊന്നും ലഭിച്ചിട്ടില്ല.<br>സംസ്ഥാനത്തുണ്ടായ മഹാപ്രളയം കണക്കിലെടുത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വിവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ച് 12-10-2018 ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വായ്പകളുടെ ജപ്തി നടപടികൾക്ക് മോറട്ടോറിയം നടപ്പിലാക്കിയിരുന്നു. പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തേ പ്രഖ്യാപിച്ച മോറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മോറട്ടോറിയം ബാധകമാണ്. ഇത് സംബന്ധിച്ച് സ.ഉ (കൈ) നം.146/2019/റവ തീയതി 27-05-2019 പ്രകാരം റവന്യൂ വകുപ്പിൽ നിന്നും ഉത്തരവ് ഇറക്കിയിട്ടുണ്ട്.<br>കർഷക കടാശ്വാസ കമ്മീഷൻ മുഖേന ആനുകൂല്യം നൽകുന്ന കാർഷിക വായ്പകളുടെ കാലാവധി ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും ദീർഘിപ്പിക്കുവാനും |

| | | | |
|---|---|---|---|
| | | | കർഷക കടാശ്വാസ കമ്മീഷൻ 50,000/- രൂപയ്ക്കു മുകളിലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. (രണ്ടു ലക്ഷം രൂപവരെയുള്ള കാർഷിക കടം എഴുതിത്തള്ളുന്നതിനു തുല്യമായ തീരുമാനമാണിത്). കൂടാതെ കർഷക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ വാണിജ്യ ബാങ്കുകളെ കൂടി ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുവാൻ കൃഷി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കർഷകർക്ക് ദീർഘകാല വിളകൾക്ക് പുതുതായി അനുവദിക്കുന്ന വായ്പകളുടെ പലിശ, ലോൺ അനുവദിക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്ക് നബാർഡ് മാതൃകയിൽ 9% വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്. |

Ferryhose

സെക്ഷൻ ഓഫീസർ